നം. സി.ഇ.ഇ/2062/2008/സി.എ.പി.-09/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**പത്രക്കുറിപ്പ്**

# ഒന്നാം ഘട്ട അലോട്ട്മെന്റ് ജൂലൈ 17ന് പ്രസിദ്ധീകരിക്കുന്നു

2009 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ടുമെന്റ് നടപടികൾ ജൂലൈ മാസം **7-ാം** തീയതി ആരംഭിച്ചിരുന്നു. സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ, സ്വകാര്യ സ്വാശ്രയ കോളേജുകൾ എന്നീ വിഭാഗങ്ങളിലായി **150** കോളേജുകളെയാണ് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് ഉൾപ്പെടുത്തിയിരുന്നത്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി **14.07.2009** ന് രാത്രി **10** മണിയ്ക്ക് അവസാനിച്ചു. പ്രസ്തുത കാലയളവിൽ മൊത്തം **43442** വിദ്യാർത്ഥികൾ **3006338** ഓപ്ഷനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ സ്വകാര്യ സ്വാശ്രയ വിഭാഗത്തിൽ **49** എൻജിനീയറിംഗ് കോളേജുകൾ, **8** മെഡിക്കൽ കോളേജുകൾ, **17** ഡന്റൽ കോളേജുകൾ, **ഒരു** സിദ്ധ കോളേജ്, **ഒരു** ആയുർവ്വേദ കോളേജ് എന്നിവയും ഉൾപ്പെടുന്നു. ഈ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാംഘട്ട അലോട്ടുമെന്റ് **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ ജൂലൈ 17ന് പ്രസിദ്ധീകരിക്കുന്നതാണ്.

വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ടുമെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അനുവദിച്ചിട്ടുള്ള സംവരണം, അടയ്ക്കേണ്ട റ്റ്യൂഷൻ ഫീസ്/ഡെപ്പോസിറ്റ്/കോഷൻ ഡെപ്പോസിറ്റ് തുക എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് പേജിൽ ലഭ്യമായിരിക്കും. ഇതിന്റെ പ്രിന്റ് വിദ്യാർത്ഥിക്ക് എടുക്കാവുന്നതാണ്.

കേന്ദ്രസർക്കാരിൻെറ ലെറ്റർ ഓഫ് പെർമിഷൻ ലഭിക്കാനുള്ള **9** സ്വകാര്യ സ്വാശ്രയ ആയുർവ്വേദ കോളേജുകളിൽ ഈ അലോട്ട്മെന്റ് പ്രകാരം വിദ്യാർത്ഥികളെ അലോട്ട് ചെയ്തിട്ടില്ല. കാസറഗോഡ്, തൃക്കരിപ്പൂർ, കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ബി.ടെക്. ബയോടെക്നോളജി (**BT**), കോഴ്സിന് AICTE അംഗീകാരവും വയനാട്, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക്. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് (**EE**) കോഴ്സിന് യൂണിവേഴ്സിറ്റി അംഗീകാരവും ലഭിച്ചിട്ടില്ലാത്തതിനാൽ ഈ അലോട്ട്മെന്റിൽ ഈ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## ഫീസ് ഒടുക്കുന്നത് സംബന്ധിച്ച്

അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും **18.07.2009 മുതൽ 25.07.2009** വൈകുന്നേരം **3.30** വരെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൻെറ (**എസ്.ബി.റ്റി.**) തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഫീസ് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/ഡെപ്പോസിറ്റ്/കോഷൻ ഡെപ്പോസിറ്റ് അടയ്ക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും **എല്ലാ സ്ട്രീമിലെയും ഹയർ ഓപ്ഷനുകളും** റദ്ദാക്കുന്നതാണ്.

സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ 2009ൽ പ്രാബല്യത്തിൽ വരുന്ന ബി.പി.എൽ/കുറഞ്ഞ കുടുംബ വാർഷിക വരുമാനം/എസ്.ഇ.ബി.സിക്കാർക്കുള്ള ഫീസിളവിന്റെ ആനുകൂല്യം ലഭിക്കുന്നത് അലോട്ട്മെന്റ് പൂർത്തീകരിച്ചതിനു ശേഷമായിരിക്കും. ആയതിനാൽ അലോട്ടുമെന്റ് സമയത്ത് SC/ST/OEC/G.O.(എം.എസ്) നം.25/2005/SCSTDD, തീയതി 20.06.2005 ആനുകൂല്യം ലഭ്യമായ വിദ്യാർത്ഥികൾ ഒഴികെ അലോട്ട്മെന്റ് ലഭിക്കുന്നവർ സ്റ്റേറ്റ് മെറിറ്റ് ഫീസ് നിരക്കിൽ തുക ഒടുക്കേണ്ടതാണ്. അഡ്മിഷനു ശേഷം ഫീസ് ആനുകൂല്യം ലഭിക്കുന്നവർക്ക് അധികമായി അടച്ച തുക മടക്കി നൽകുന്നതാണ്.

## എം.ബി.ബി.എസ്./ബി.ഡി.എസ്. കോളേജ് പ്രവേശനം

എം.ബി.ബി.എസ് / ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും **2009 ജൂലൈ 27, 28 തീയതികളിൽ** പ്രോസ്പെക്ടസ്സിൽ പറഞ്ഞിട്ടുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം നിശ്ചിത കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജ് മാനേജ്മെന്റുകൾക്ക്, സർക്കാർ സീറ്റുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ (എസ്.സി./എസ്.ടി. ഒഴികെ) നിന്നും സർക്കാർ കോളേജുകളിൽ നിലവിലുള്ള ബോണ്ടിനനുസൃതമായി ഒരു വർഷത്തിൽ കുറയാത്ത സേവനത്തിനുള്ള ബോണ്ട്, ആവശ്യമെങ്കിൽ വാങ്ങാവുന്നതാണ്. **28.07.2009** ന് (**ചൊവ്വാഴ്ച**) മെഡിക്കൽ/ഡന്റൽ കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർ ത്ഥികളുടെ എം.ബി.ബി.എസ്/ ബി.ഡി.എസ് അലോട്ടുമെന്റും **എല്ലാ സ്ട്രീമിലെയും ഹയർ ഓർഡർ ഓപ്ഷനുകളും** റദ്ദാക്കുന്നതാണ്.

എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെ മറ്റ് മെഡിക്കൽ/എൻജിനീയറിംഗ്/ ആർക്കിടെക്ച്ചർ കോഴ്സുകളിൽ അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത തീയതിക്കകം **(ജൂലൈ 18 മുതൽ 25 വരെ)** ഫീസ്/ഡെപ്പോസിറ്റ്/കോഷൻ ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്. എന്നാൽ ഇവർ രണ്ടാം ഘട്ട അലോട്ടുമെന്റിനു ശേഷം നിശ്ചിത കോളേജുകളിൽ പ്രവേശനം നേടിയാൽ മതിയാകും.

## രണ്ടാംഘട്ട അലോട്ട്മെന്റ്

രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. പുതുതായി അനുവദിച്ച / അനുവദിക്കുന്ന കോളേജുകൾ, കോഴ്സുകൾ, അലോട്ടുമെന്റ് നടപടികൾ ആരംഭിച്ചതിനു ശേഷം സർക്കാരുമായി കരാറിലേർപ്പെട്ട സ്വാശ്രയ കോളേജുകൾ എന്നിവയിലേയ്ക്ക് രണ്ടാംഘട്ടത്തിൽ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത് സംബന്ധിച്ച വിശദമായ വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471 - 2115311, 2115312, 2115313, 2115314, 2115315** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
16.07.2009

**പ്രവേശന പരീക്ഷാ കമ്മീഷണർ**